(ബി) കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നീ ജില്ലാ കേന്ദ്രങ്ങളിൽ നോർക്ക സെല്ലുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

(സി) വയനാട് ജില്ലയിൽ നോർക്കസെൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ഇറാഖിലെ കലാപത്തിൽ കുടുങ്ങിപ്പോയ മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

53 (7350) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1989-ൽ കുവൈറ്റ് അധിനിവേശ കാലത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പിലാക്കിയ ഒഴിപ്പിക്കൽ നടപടികൾക്ക് സമാനമായ നടപടികൾ ഇറാഖിൽ കുടുങ്ങിപ്പോയ മലയാളികളെ രക്ഷിക്കുവാൻ സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

വിദേശ രാജ്യങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവും കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽതന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർനടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ്പ് ലൈൻ സംവിധാനം നോർക്ക-റൂട്ട്സിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടേയും ഇടപെടലുകളുടേയും ഫലമായി 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5-ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇറാഖിൽ കുടുങ്ങിയ കൂടുതൽ മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. നിരവധി മലയാളികൾ ഓരോ ദിവസവും വരുന്നതിനാൽ എണ്ണം കൃത്യമായി പറയാൻ നിവൃത്തിയില്ല.

നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ

54 (7351) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലെ മലയാളികൾക്കാണ് പ്രസ്തുത ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭ്യമാക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസി കേരളീയർക്ക് സർക്കാർ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതികളുടെ അപേക്ഷയും മറ്റ് വിവരവും ലഭ്യമാക്കുന്നതിനും അടിയന്തര ഘട്ടങ്ങളിൽ നോർക്കയുടെ സേവനം എത്രയുംവേഗം പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യപടിയായി ബഹ്റിനിൽ നോർക്ക-റൂട്ട്സ് ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രവാസി മലയാളികളിൽനിന്ന് ലഭിച്ച വരുമാനം

55 (7352) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ പക്കൽനിന്ന് കഴിഞ്ഞ 3 വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ കണക്കുകൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly